ലോക നാളികേര ദിനാഘോഷം

Madhyamam 27/08/2012

കാസർകോട്: കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ലോക നാളികേര ദിനം വിവിധ പരിപാടികളോടെ സെപ്റ്റംബർ രണ്ടിന് സംഘടിപ്പിക്കും.

കൃഷിമന്ത്രി വി.എസ്. സുനിൽ കുമാർ ഉദ്ഘാടനം ചെയ്യും. കേരകർഷക കൂട്ടായ്മകളുടെ നേതൃത്വത്തിൽ മികച്ചരീതിയിൽ പ്രവർത്തിക്കുന്ന വികേന്ദ്രീകൃത കേരനഴ്സറികൾക്കുള്ള അവാർഡുകൾ മന്ത്രി വിതരണം ചെയ്യും. സി.പി.സി.ആർ.ഐയുടെ സാങ്കേതിക മേൽനോട്ടത്തിൽ സംസ്ഥാന കൃഷിവകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന വികേന്ദ്രീകൃത കേരനഴ്സറികളെയാണ് അവാർഡിന് പരിഗണിക്കുക. ചടങ്ങിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഹോർട്ടികൾചർ) ഡോ. എ.കെ. സിങ് മുഖ്യാതിഥിയാകും.